ഉത്തരം

സംസ്ഥാനത്തുള്ള 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ആവശ്യത്തിന് ചെലവഴിച്ച തുക സംബന്ധിച്ച സമാഹൃത കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

43 (1794) തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങാൻ അനുമതി

ശ്രീ. ജി. സുധാകരൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം. ദാസൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽനിന്നും വാങ്ങുന്നതിനുള്ള അനുമതി പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിനനുസരിച്ച് ഉൽപ്പന്നങ്ങൾ നൽകുവാനുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) കാർഷിക യന്ത്ര വ്യാപാര മേഖലയിൽ വിപുലമായ സംവിധാനങ്ങളോടെ പ്രവർത്തിക്കുന്ന ഏറ്റവും വലിയ സഹകരണ സ്ഥാപനമായ 'റെയ്ഡ്കോ' കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യന്ത്രസാമഗ്രികൾ നൽകുന്നതിനുള്ള അനുമതിക്കുവേണ്ടി അപേക്ഷിച്ചിരുന്നോ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് അതിനുള്ള അനുമതി നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) അപേക്ഷിച്ചിരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

44 (1795) ജനകീയാസൂത്രണ പദ്ധതിയിലെ പ്രവൃത്തികളുടെ നടത്തിപ്പ് ചുമതല

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടിയിൻകീഴിൽ വരുന്ന പ്രവൃത്തികളുടെ നടത്തിപ്പ് ചുമതല ഇപ്പോൾ ആർക്കാണ് നൽകിയിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതി അനുസരിച്ചുള്ള പ്രവൃത്തികളുടെ ചുമതല ഗുണഭോക്തൃ സമിതികളേയോ കോൺട്രാക്ടർമാരേയോ ഏൽപ്പിക്കുകയോ തദ്ദേശഭരണ സ്ഥാപനത്തിന് നേരിട്ട് നടപ്പാക്കുകയോ ചെയ്യാവുന്നതാണ്. ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ആണ്.

(ബി) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

45 (1796) ജനകീയാസൂത്രണ പദ്ധതിപ്രകാരം കാർഷിക മേഖലയ്ക്ക് അനുവദിച്ച തുക

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനകീയാസൂത്രണ പദ്ധതി പ്രകാരം കാർഷിക മേഖലയുടെ വികസനത്തിനായി 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ എന്തുതുക വീതം വകകൊള്ളിച്ചിരുന്നു എന്നും ഇതിൽ എന്തുതുക വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

1997-98 സാമ്പത്തികവർഷത്തിൽ 78.57 കോടി രൂപ കാർഷിക മേഖലയുടെ വികസനത്തിനായി വകകൊള്ളിച്ചിരുന്നതായി താൽക്കാലിക കണക്കുകൾ വ്യക്തമാക്കുന്നു. 1997-98-ൽ ഈയിനത്തിനായി ചെലവഴിച്ച തുക, 1998-99-ൽ വകകൊള്ളിച്ചതും ചെലവഴിച്ചതുമായ തുക ഇവ സംബന്ധിച്ച വിശദമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

46 (1797) ജനകീയാസൂത്രണ പദ്ധതി പ്രകാരം വ്യാവസായിക വികസനത്തിനായി അനുവദിച്ച തുക

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1997-98, 1998-99 സാമ്പത്തികവർഷത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം വ്യാവസായിക വികസനത്തിനായി എന്തുതുക വീതം വകകൊള്ളിച്ചിരുന്നു എന്നും ഇതിൽ എന്തുതുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

1997-98 സാമ്പത്തികവർഷത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം 34.57 കോടി രൂപ വ്യാവസായിക വികസനത്തിന് വകയിരുത്തിയിരുന്നതായി താല്ക്കാലിക കണക്കുകൾ വ്യക്തമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly